പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2788 09.05.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെ മലിന ജല നിർമ്മാർജ്ജനം**

ചോദ്യം
ശ്രീ.സി.മമ്മൂട്ടി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി വാഹനങ്ങൾ വാഷിംഗ് സർവ്വീസ് നടത്തുന്ന ഡിപ്പോകളിൽ മലിനജലം നിർമ്മാർജ്ജനം ചെയ്യുന്ന നിലവിലെ രീതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി വാഹനങ്ങളിൽ വാഷിംഗ് സർവീസ് നടത്തുന്ന ഡിപ്പോകളിൽ മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനായി പ്രത്യേക സംവിധാനങ്ങൾ പുനലൂർ, തിരുവനന്തപുരം സെൻട്രൽ വർക്സ്, എടപ്പാൾ റീജിയണൽ വർക് ഷോപ്പ്, കൊടുങ്ങല്ലൂർ, കാസർഗോഡ്, കോഴിക്കോട് റീജിയണൽ വർക് ഷോപ്പ് തുടങ്ങി ചുരുക്കം ഡിപ്പോകളിൽ മാത്രമേ സ്ഥാപിതമായിട്ടുള്ളൂ. ബാക്കി ഡിപ്പോകളിൽ അതാതു ഡിപ്പോയിലെ പുരയിടങ്ങളിൽ തന്നെ നിർമാർജ്ജനം ചെയ്യുകയാണ്. |
| (ബി) | നിലവിൽ തുടർന്ന് വരുന്ന രീതി പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ സ്ഥിതി ഗുരുതരമാക്കാതെ മലിനജല നിർമ്മാർജ്ജന സംവിധാനം കുറ്റമറ്റതാക്കുമോ? | (സി) | പുതുതായി പണികഴിപ്പിച്ച നെടുമങ്ങാട് ഡിപ്പോയിൽ Sewage Treatment Plant സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതുതായി പണിയുന്ന തൊടുപുഴ മൂവാറ്റുപുഴ ഡിപ്പോകളിൽ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി നടന്നുവരുന്നു. പുതുതായി നിർമ്മിക്കുന്ന ബസ് സ്റ്റേഷനുകൾ ഗാരേജുകൾ തുടങ്ങിയവയിൽ ഈ സംവിധാനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശ പ്രകാരം ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**